(ബി) അപകടങ്ങളിൽ മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം എത്രയാണ്;

(സി) ഇവരിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എന്നിവരുടെ തരംതിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഡി) ഇരു ചക്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടതിന്റെയും യാത്രക്കാർ മരണമടഞ്ഞതിന്റെയും എണ്ണം എത്രയാണ്;

(ഇ) 2003 ഏപ്രിൽ 1-നു ശേഷം കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് ഉണ്ടായ അപകടങ്ങളിൽ മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും കണക്ക് അറിയിക്കുമോ; ഇതുമൂലം കെ. എസ്. ആർ. ടി. സി.-ക്ക് എത്ര രൂപ നഷ്ടമുണ്ടായി?

ഉത്തരം

(എ) 2003 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ 26510 വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 2003 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ വിവിധ വാഹനാപകടങ്ങളിൽ 2166 പേർ മരിക്കുകയും 38568 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2003 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 13137 ഇരുചക്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്. ഇരുചക്ര വാഹന അപകടത്തിൽപ്പെട്ടവരുടെ കണക്ക് ലഭ്യമല്ല.

(ഇ) 251 പേർ മരണമടഞ്ഞു. 1768 പേർക്ക് പരിക്കുപറ്റി. കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നഷ്ടത്തിന്റെ കണക്ക് ലഭ്യമല്ല.

കെ. എസ്. ആർ. ടി. സി.-യിലെ വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം

135 [1395] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) വർക്ക് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച ആർക്കും തന്നെ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും നിയമനം നൽകിയില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണ് നിയമനം നടത്താത്തതെന്നും എന്ന് ഇവർക്ക് നിയമനം നൽകാൻ സാധിക്കുമെന്നും അറിയിക്കാമോ;

(ഇ) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ഒരു നിയമനവും നടത്താതിരുന്ന എത്ര റാങ്ക് ലിസ്റ്റുകൾ കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടെന്ന് അറിയിക്കാമോ;

(എഫ്) അഡ്വൈസ് മെമ്മോയുടെ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ വിവിധ റാങ്ക് ലിസ്റ്റുകളിലായി ഉണ്ടെന്ന് അറിയിക്കാമോ; ഇവർക്ക് നിയമനം എന്തുകൊണ്ടാണ് നൽകാത്തതെന്നും എന്ന് ഇവർക്ക് നിയമനം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 276 ഒഴിവുകൾ ഉണ്ട്.

(ബി) 25-10-2003-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. 276 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) ഉണ്ട്. എംപാനൽ വ്യവസ്ഥയിൽ നിയമനം നല്കുന്നതി നുള്ള നടപടി അടിയന്തിരമായി സ്വീകരിച്ചു വരുന്നു.

(ഇ) ഒരു റാങ്ക് ലിസ്റ്റ് പോലും കെ.എസ്.ആർ.ടി.സി.യിൽ ഇല്ല.

(എഫ്) കോച്ച് ബിൽഡർ തസ്തികയിൽ 192 പേരുടെ അഡ്വൈസ് ലിസ്റ്റ് കെ.എസ്.ആർ.ടി.സി.യിൽ ലഭിച്ചിട്ടുണ്ട്. സ്ഥിരം ഒഴിവുകൾ ഇല്ലാത്തതിനാൽ ഇവർക്ക് നിയമനം നൽകിയിട്ടില്ല. ഇക്കാര്യം പി. എസ്. സി.യെ അറിയിച്ചിട്ടുമുണ്ട്.

സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം

136 [1397] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും എത്ര രൂപയുടെ വായ്പ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly